**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 247** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>ഗ്യാസ് വിലവർദ്ധനവ് കാരണം ഭക്ഷ്യ വസ്തുക്കൾക്ക് അമിത വില</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** ഗ്യാസ് വിലവർദ്ധനവിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പല ഹോട്ടലുകളിലും ചായക്കും മറ്റു ഭക്ഷ്യ വസ്തുക്കൾക്കും അമിത വില ഈടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനും വില ഏകോപിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>മറുപടി:</u>** ഗ്യാസ് വിലവർദ്ധനവിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പല ഹോട്ടലുകളിലും ചായയ്ക്കും മറ്റു ഭക്ഷ്യവസ്തുക്കൾക്കും വിലവർധനവ് വരുത്തിയിട്ടുണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . ഇതിനെ തുടർന്ന് വിലവിവരപ്പട്ടികയിൽ പ്രദർശിപ്പിച്ചിരിക്കുന്ന വിലയ്ക്ക് തന്നെയാണോ ഹോട്ടലുകളിൽ വിൽപ്പന നടത്തുന്നത് എന്നത് പരിശോധിക്കുന്നതിനായി സ്പെഷ്യൽ സ്ക്വാഡ് മുഖാന്തരം പരിശോധന ഉർജിതമാക്കിയിട്ടുണ്ട്. മാത്രവുമല്ല വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച് കർശന നിർദേശം നൽകുകയും ചെയ്തു വരുന്നു.

സംസ്ഥാനത്ത് ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, മറ്റ് ഭക്ഷണ ശാലകൾ എന്നിവിടങ്ങളിൽ ഭക്ഷണ പദാർഥങ്ങൾക്ക് വില നിർണയിക്കുന്നതിന് നിലവിൽ നിയമവ്യവസ്ഥ ഇല്ലാത്തതാണ്. ഉൽപ്പാദകന് ഉൽപാദന ചിലവിന്റെ അടിസ്ഥാനത്തിൽ വില നിർണയിക്കുന്നതിന് സ്വാതന്ത്ര്യം ഉള്ള പൊതുവിപണി സംവിധാനമാണ് നിലനിൽക്കുന്നത്. ഇത്തരത്തിൽ വില ഏകീകരിക്കുന്നതിന് നിയമത്തിന്റെ അഭാവത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയുന്നതല്ല.

**സെക്ഷൻ ഓഫീസർ**